## പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6400 — 03.04.2018 ന് മറുപടിയ്ക്ക്.

### കാട്ടുതീ നിയന്ത്രിക്കുന്നതിന് ക്വിക്ക്റെസ്പോൺസ്സ് ടീം

| ചോദ്യം<br>ശ്രീ.ആർ.രാമചന്ദ്രൻ | ഉത്തരം<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|
| (എ) വേനൽക്കാലത്ത് വന്യമൃഗങ്ങൾ ജനവാസകേന്ദ്രങ്ങളിൽ നാശനഷ്ടങ്ങളുണ്ടാക്കുന്ന സാഹചര്യം നിലവിലുണ്ടോ ; വിശദീകരിക്കുമോ; | (എ) നിലവിലുണ്ട്. വേനൽക്കാലത്ത് വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥയിൽ ഉണ്ടാകുന്ന ജലദൗർലഭ്യവും കാട്ടിനകത്തുള്ള ഹരിതസസ്യങ്ങൾ ഉണങ്ങുന്നതുമൂലവും സസ്യഭോജികളായ വന്യമൃഗങ്ങൾ കാട്ടിനു സമീപമുള്ള കൃഷിയിടങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നുണ്ട്. |
| (ബി) കാട്ടുതീ നിയന്ത്രിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്നും, കാട്ടുതീ ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ-ത്തന്നെ നടപടികൾ സ്വീകരിക്കുന്നതിന് ക്വിക്ക്റെസ്പോൺസ്സ് ടീം രൂപീകരി-ച്ചിട്ടുണ്ടോയെന്നും വിശദീകരിക്കുമോ? | (ബി) കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ ആയത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു. അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചു വരുന്നു.<br><br>കാട്ടുതീ ഉണ്ടായാൽ ഉടൻ തന്നെ അതിനെ ഫലപ്രദമായി നിയന്ത്രിക്കാനായി ഫയർ മസ്ദൂർമാരേയും, പ്രായേണ വലിയ കാട്ടുതീയെ നേരിടാൻ ഫയർ ഗ്യാങ്ങുകളെയും നിയമിച്ചിട്ടുണ്ട്.<br><br>കാട്ടുതീയെ ഫലപ്രദമായി നേരിടുന്നതിനുള്ള നൈപുണ്യ വികസന പരിശീലനം, ഫയർ & റെസ്ക്യൂ സർവ്വീസസ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് വനംവകുപ്പ് ജീവനക്കാർക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ